# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അത്തോളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1430/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അത്തോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1430/2023 തീയ്യതി: 10/11/2023

# കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-11-2022 മുതൽ 15-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ , കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ. വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈനി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത ടി കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അപർണ ഡി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീബ രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഇന്ദു എ | സെക്രട്ടറി | 01-04-2022 | 17-10-2022 |
| ഹരിഹരൻ | സെക്രട്ടറി | 18-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസീമ | വെ റ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ എം | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജന എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ അബൂബക്കർ സിദ്ധിഖ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 06-06-2022 |
| ശ്രീ ശ്രീനാഥ് എ(അഡിഷണൽ ചാർജ്ജ്) | അസിസ്റ്റന്റ് എൻജിനീയർ | 07-06-2022 | 10-10-2022 |
| ശ്രീമതി റസീന എൻ പി | അസിസ്റ്റന്റ് എൻജിനീയർ | 11-10-2022 | 31-03-2023 |
| ശ്രീമതി ശാന്തി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ സുവർണ്ണ ശ്യാം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ആസിഫ് അഷറഫ് | വി ഇ ഓ (മൊടക്കല്ലൂർ സർക്കിൾ) | 01-04-2022 | 01-07-2022 |
| ശ്രീ ഷിജു | വി ഇ ഓ(അത്തോളി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ ഷൈജു | വി ഇ ഓ(മൊടക്കല്ലൂർ സർക്കിൾ) | 02-07-2022 | 31-01-2023 |

| | | | |
|---|---|---|---|
| ശ്രീ ഷിജു | ശ്രീ ഷിജു (മൊടക്കല്ലൂർ സർക്കിൾ)അഡീഷണൽ ചാർജ് | 01-02-2023 | 31-03-2023 |
| ശ്രീമതി അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 03-12-2022 |
| ശ്രീമതി ലീന | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 14-12-2022 | 31-03-2023 |
| ശ്രീമതി പ്രതിഭ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 13-04-2022 |
| ശ്രീമതി നീമ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-4 |
| 6 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ്, യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സി. എഫ്. സി ഫണ്ട് - ചെലവ് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | സ്ഥാപനത്തിന്റെ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-10 |
| 12 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ക്ഷേമ പദ്ധതികൾ | 1-8 |
| 20 | ടാക്സ് ഓഡിറ്റ് അവലോകനം | 1 -9 |
| 21 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-10 |
| 22 | മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്ന | 1-11 |
| 23 | അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല | 1-12 |
| 24 | പ്രവർത്തനം ആരംഭിക്കാത്ത സ്ഥാപനത്തിന് ഫർണ്ണിച്ചർ വാങ്ങി നൽകി | 1 -13 |
| 25 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലിന് വാടക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നിശ്ചയിച്ചു | 1-14 |

| | | |
|---|---|---|
| 26 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല. | 1 -15 |
| 27 | സ്വച്ഛ്ഭാരത് പദ്ധതി - ഗുണഭോക്താക്കൾക്ക് പദ്ധതിപണം ലഭ്യമായിട്ടും ചെലവ് പത്രികയിൽ ചെലവ് വിവരം ഉൾപ്പെട്ടിട്ടില്ല. | 1-16 |
| 28 | സ്വയം തൊഴിൽ യൂണിറ്റിന് ധനസഹായം - യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കിയില്ല | 1-17 |
| 29 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച് | 1-18 |
| 30 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-19 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി ചെലവ് 30% മാത്രം | 1-20 |
| 32 | മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - അധിക ചെലവിനു കാരണമായി | 1-21 |
| 33 | രാരോത്ത് താഴെ കുടിവെള്ള പദ്ധതി - സമഗ്രമായി പ്രൊജക്ട് തയ്യാറാക്കിയില്ല | 1-22 |
| 34 | പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല. | 1-23 |
| 35 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല. | 1-24 |
| 36 | വെള്ളിലാട്മല വിഭവ വിജ്ഞാനകേന്ദ്രം - പഴയ കെട്ടിടം പൊളിച്ച കല്ല് ലേലം ചെയ്തില്ല | 1-25 |
| 37 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 75,288 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച് | 3-1 |
| 2 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15/07/2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22/07/2023 തീയതിയിൽ പിന്നുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അത്തോളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes To Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ).

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല.

1. എം. സി. എഫ് ഇലക്ട്രിഫിക്കേഷൻ ഡെപ്പോസിറ്റ് വർക്കിന് KSEB -യ്ക്ക് അഡ്വാൻസ് നൽകിയ തുക (2,16,145/-), Advance To Implementing Agencies എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം Amount Payable To Other Creditors (Code : 350109999) എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്തത്.
2. സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ ഡെപ്പോസിറ്റ് വർക്കിന് KSEB-യ്ക്ക് അഡ്വാൻസ് നൽകിയ തുക (11,04,008/-), Advance To Implementing Agencies - Deposit With Kseb എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം Amount Payable To Other Creditors (Code : 350109999) എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്തത്.

ഈ തുകകൾ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ Advance To Implementing Agencies എന്ന ഹെഡിൽ വരവ് വയ്ക്കാതെ, മറ്റൊരു ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തതിനാൽ ആയത് പഞ്ചായത്തിന്റെ ആസ്തിയായി ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
3.സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനായി KSEB – യ്ക്ക് നൽകിയ 5,054 രൂപ, ബന്ധപ്പെട്ട ചെലവിന്റെ കൂടെ ബുക്ക് ചെയ്യാതെ Advance To Implementing Agencies എന്ന ഹെഡിലാണ് ബുക്ക് ചെയ്തത്.

1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

2022-23 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ലേലത്തിൽ ലഭിച്ച 1,46,718 രൂപ 340200102 എന്ന Auction Deposit ഹെഡ്ഡിൽ ആണ് വരവ് വച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തേണ്ട ഈ തുക, ബാധ്യത ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-5 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 5,816/- രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.
2. ക്യാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന Sale Of Tender Forms, Receipt From Miscellaneous Sale എന്നീ ഇനങ്ങളിൽ യഥാക്രമം 6600/-, 1966/- തുകകൾ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-6 സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

Property Tax On Residential Buildings (110100101), Property Tax On Non-Residential Buildings (110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തുനികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റ് എൻട്രി വരുത്തുന്നില്ല. രണ്ട് തവണ മാത്രമാണ് (08.11.22, 31.03.23) ഡിമാന്റ് എൻട്രി വരുത്തിയത്.

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-7 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ്, യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

SBI E-payment (831055) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് 1582709 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ബാങ്ക് ബുക്ക് ബാലൻസ്, ബാങ്ക് ബുക്ക് പ്രകാരവും AFS പ്രകാരവും 15,84,496 രൂപയാണ്. 1787 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-8 സി. എഫ്. സി ഫണ്ട് - ചെലവ് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

സി.എഫ്.സി ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രോജക്ടിന്റെ ചെലവ്, ഗ്രാന്റ് ഹെഡിൽ നിന്നും കുറവ് വരുത്തി വാർഷിക ധനകാര്യ പത്രികയിൽ എൻട്രി വരുത്തിയിട്ടില്ലാത്തതിനാൽ ബി 4 സ്റ്റേറ്റ്മെന്റിൽ വലിയ തുക നീക്കിയിരിപ്പ് കാണുന്നു.

### 1-1-9 അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള ഗ്രാമീൺ ബാങ്ക്, അത്തോളി ശാഖയിൽ 13.04.2021 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ Pfms ശുചിത്വ മിഷൻ ഫണ്ട് നിക്ഷേപിക്കുന്നതിനുവേണ്ടി (അക്കൗണ്ട് നം. 40103101051898) അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 സ്ഥാപനത്തിന്റെ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

07.11.2009 തീയതിയിലെ GO(ms) 207/2009/lsgd നമ്പർ ഉത്തരവ് പ്രകാരം 1,55,16,000 രൂപ ഇ.എം.എസ് ഭവനവായ്പയായി അത്തോളി കെ.ഡി.സി ബാങ്കിൽ നിന്നും ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടുണ്ട്. 2017 ഫെബ്രുവരി 20 ന് ലോൺ തുകയുടെ മുതൽ മുഴുവനായും അടച്ച് തീർക്കുകയും പലിശ ഇനത്തിൽ 7,97,316.58 രൂപ നിലവിൽ അടച്ച് തീർക്കാൻ അവശേഷിക്കുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. ഇ.എം.എസ് ഭവനവായ്പയുടെ പലിശ സർക്കാർ അനുവദിച്ചുതരുന്നതു വരെ ടി തുക പഞ്ചായത്തിന്റെ ബാധ്യതയായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-11 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഇ – ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഇ-ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. കൂടാതെ പ്രസ്തുത തുക റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 24.3.22 ലെ 98/22 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.03.23 ലെ 2/01 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലുമുണ്ടായ അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1. പ്രധാനപ്പെട്ട ബജറ്റ് രേഖകൾ തയ്യാറാക്കിയില്ല

മാന്വൽ പ്രകാരം താഴെ കൊടുത്ത രേഖകൾ ബജറ്റിനൊപ്പം തയ്യാറാക്കേണ്ടതാണ്.

എ) ബജറ്റ് നോട്ട്

ബി) ബജറ്റ് സ്പീച്ച്

സി) ജന്റർ ബജറ്റ്

ഡി) പെർഫോമൻസ് ബജറ്റ്

എന്നാൽ ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

### 2. തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 80,78,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

എന്നാൽ സ്ഥാപനത്തിന്റെ അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 26,93,278/- രൂപയാണ് വാർഷിക പദ്ധതിക്ക് തനത്ഫണ്ടിൽ നിന്നും വകയിരുത്തിയതെന്ന് കാണുന്നു. അതായത് ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കുറഞ്ഞ തുകയാണ് വാർഷിക പദ്ധതിക്ക് തനത്ഫണ്ടിൽ നിന്നും വകയിരുത്തിയെന്ന് കാണാം. ബജറ്റിൽ തുക എന്തിനുവേണ്ടി വകയിരുത്തുന്നുവെന്ന ധാരണയില്ലായ്മയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

3. വരുമാനം ബജറ്റ് പ്രൊവിഷനു പുറത്ത്

തൊഴിൽനികുതി ഇനത്തിൽ ബജറ്റിലും പുതുക്കിയ ബജറ്റിലും പ്രതീക്ഷിച്ച വരുമാനവും, വാർഷികകണക്കു പ്രകാരമുള്ള യഥാർത്ഥ വരവും അവ തമ്മിലുള്ള വ്യത്യാസവും ചുവടെ കൊടുക്കുന്നു.

| 2022-23 ബജറ്റ് | പുതുക്കിയ ബജറ്റ് | യഥാർത്ഥ വരവ്, I-1 ഷെഡ്യൂൾ | വ്യത്യാസം |
|---|---|---|---|
| 34,55,000 | 37,80,000 | 40,34,940 | 2,54,940 |

വരുമാനത്തിലോ ചെലവിലോ ഉണ്ടാകുന്ന വ്യതിയാനം ഉൾക്കൊണ്ടുകൊണ്ട് ഉടനടി ബജറ്റ് പുതുക്കണമെന്ന തത്വം ഇവിടെ പാലിക്കപ്പെട്ടില്ല.

4.വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ, BS9, BS12 ഷെഡ്യൂളുകൾ പ്രകാരം വകയിരുത്തിയ തുകയും, വാർഷിക പദ്ധതിയ്ക്കും NREGS പദ്ധതിയ്ക്കും കൂടിയുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ | 5,84,66,000 |
| NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ | 6,57,31,000 |
| ആകെ | 12,41,97,000 |
| ഷെഡ്യൂൾ BS9+BS12 | 10,06,65,000 |
| വ്യത്യാസം | 2,35,32,000 |

മേല്പറഞ്ഞതിൽ നിന്നും ബജറ്റിൽ വകയിരുത്തിയ 2.35 കോടി രൂപ എന്തിനു വേണ്ടിയാണെന്ന് കാണാതെയാണ് അത്രയും തുക വകയിരുത്തിയതെന്ന് വ്യക്തമാകുന്നു.

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വരുംവർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28447834 |
| വരവ് | 49221656 |
| ആകെ | 77669490 |
| ചെലവ് | 42060165 |
| നീക്കിയിരിപ്പ് | 35609325 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18558835 | 18558835 | 16861501 | 1697334 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9404275 | 9404275 | 9404275 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5309000 | 5309000 | 3497367 | 1811633 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12185000 | 12185000 | 4651074 | 7533926 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 513164 | 4425000 | 4938164 | 3679014 | 1259150 |
| | ട്രഷറി | 0 | 3444301 | 3444301 | 2405577 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 2364353 | 3102890 | 5467243 | 1622463 | 3844780 |
| | ട്രഷറി | 0 | 301901 | 301901 | 186612 | 0 |

* ഖണ്ഡിക 1-1-8 കാണുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 19,15,37,149 | 96 | 37 | 5,91,33,818 | 86 | 43.8% |

ഡി.പി.സി. അംഗീകാരം ലഭിച്ച 219 പ്രൊജക്ടുകളിൽ 96 എണ്ണം ഓഡിറ്റു വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 19,15,37,149/- രൂപ വകയിരുത്തിയതിൽ 5,91,33,818/- രൂപ (30.9%) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 57,10,467/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.
219 പ്രോജക്ടുകളിൽ 17 എണ്ണത്തിന്റെ വിശദാംശങ്ങൾ ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഉൾപ്പെടാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 12 |
| സെക്രട്ടറി | 4 |
| ഹെഡ്മാസ്റ്റർ | 1 |

മേൽ കാണിച്ച പ്രകാരം ഡി.പി.സി അംഗീകാരം ലഭിച്ച, തുക ചെലവഴിച്ചതുൾപ്പെടെയുള്ള പദ്ധതിയുടെ വിവരം ഐ.കെ.എം ചെലവ് പത്രികയിൽ ഉൾക്കൊള്ളിക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട് എന്നു കാണുന്നു. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ

മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ആയതിന്റെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ആയതിന്റെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4491000 | 410 |
| വിധവ പെൻഷൻ | 12594800 | 1208 |
| വാർദ്ധക്യകാല പെൻഷൻ | 26178800 | 2839 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1228800 | 119 |
| വികലാംഗ പെൻഷൻ | 3630200 | 343 |
| വിവാഹ ധനസഹായം | 240,000 | 8 |

## 1 -9 ടാക്സ് ഓഡിറ്റ് അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ. 3683/ എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ

വിഷയങ്ങൾ വിവിധ ഖണ്ഡികകളായി ചുവടെ കൊടുക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതുസ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്.

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും തനത് വരുമാനം പിരിച്ചെടുക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കാര്യക്ഷമമായ ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടതായി മിനുട്സുകളിൽ നിന്നും, തുടർ പ്രവർത്തികളിൽ നിന്നും വ്യക്തമാവുന്നു. 04.05.2023 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 108/22 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകത യോഗം വിലയിരുത്തിയിട്ടുണ്ട്. ഇതിനായി മുഴുവൻ വാർഡുകളിലെയും അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള പാർപ്പിട/പാർപ്പിടേതര കെട്ടിടങ്ങളുടെ വിസ്തീർണ്ണം, മേൽക്കൂര എന്നിവ പരിശോധിച്ച് അനുമതിയില്ലാത്ത കൂട്ടിച്ചേർക്കലുകൾ, മേൽക്കൂര മാറ്റൽ എന്നിങ്ങനെയുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും, നികുതി പുനർനിർണ്ണയിക്കുന്നതിനും വാർഡ് ക്ലർക്ക്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.06.2022 ലെ 119/22 നമ്പർ തീരുമാന പ്രകാരം കൂട്ടിച്ചേർക്കലുകൾ, മേൽക്കൂര മാറ്റൽ എന്നിങ്ങനെയുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയ 2, 13 വാർഡുകളിലെ 95 കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തത് സംബന്ധിച്ച് കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 9 B, 325 പേർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയവരുടെയോ, ഫോറം 9 B സമർപ്പിച്ചവരുടെയോ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല.

എ).നികുതി പിരിവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി, തൊഴിൽ നികുതി വരവ്, ഈയിനത്തിലെ യഥാർത്ഥ വരവ് എന്നിവ ചുവടെ കൊടുക്കുന്നു.

| നികുതിയിനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 75,00,000 | 65,94,332 | 905668 (കുറവ്) |
| തൊഴിൽനികുതി | 35,00,000 | 40,22,860 | 522860( കൂടുതൽ) |
| ആകെ | 1,10,00,000 | 1,06,17,192 | 382808 (കുറവ്) |

ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയ പ്രകാരമുള്ള തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. വസ്തുനികുതി ഇനത്തിൽ കുടിശ്ശികയായി 3,32,567 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി പ്രൊസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വസ്തുനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്.

മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് ഉപയോഗിക്കുന്ന 13,050 കെട്ടിടങ്ങളും അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 94 കെട്ടിടങ്ങളും 12 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 724 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി). നം. 25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയുടെ 25.05.2023 ലെ 2/3 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 27/05/2023 ൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 11.08.2023 തിയ്യതിയിലെ 02 (01) നമ്പർ തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി 17/08/2023 ലെ JC3/6297/23 നമ്പർ ഫയൽ പ്രകാരം അന്തിമ വിജ്ഞാപനവും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30 നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ് നോട്ടീസുകൾ

നൽകിയിട്ടില്ലെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല .

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ളപക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

റോഡ് മാസ്റ്റർ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം (6) പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് 01/04/2023 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വസ്തുനികുതി പരിഷ്ക്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ റോഡുകളും നടപ്പാതകളും മേൽ ചട്ടം(8) പ്രകാരം താൽക്കാലികമായി 25.05.2023 ലെ ഭരണസമിതിയോഗത്തിലെ 2/3 തീരുമാന പ്രകാരം തരം തിരിച്ചിട്ടുണ്ട്. ഇപ്രകാരം തരം തിരിച്ച റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റോഡിന്റെ തരം | എണ്ണം |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 32 |
| 1.5 മീറ്ററിന് മുകളിലും 5മീറ്ററിന് കുറവും വീതിയുള്ള റോഡുകൾ | 344 |
| 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകൾ | 24 |
| ആകെ | 400 |

സഞ്ചയ സോഫ്റ്റ്വെയറിലെ നിലവിലെ ആകെ റോഡുകളുടെ എണ്ണം 89 മാത്രമാണ്. മേൽ പ്രതിപാദിച്ച റോഡുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി റോഡ് മാസ്റ്റർ കാലികമാക്കിയിട്ടില്ല. നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി റോഡ് മാസ്റ്റർ കാലികമാക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 207 (1) വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് നിയമപ്രകാരമല്ലാതെ നികുതി ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് ഉപയോഗക്രമം രേഖപ്പെടുത്താതെ നികുതി ഒഴിവാക്കപ്പെട്ടതായി സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചില കെട്ടിടങ്ങൾക്ക് നികുതിയിളവുകൾക്കൊന്നും തന്നെ അർഹതയില്ലാതിരുന്നിട്ടും '0' രൂപയാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിയായി നിലവിലുള്ളത്. മേൽ കെട്ടിങ്ങളുടെ A.R.V പ്രകാരമുള്ള നികുതി '0' രൂപയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിനാൽ നിലവിലും നികുതി '0' രൂപയായി തന്നെ തുടരുകയാണ്. കൂടാതെ നാളിതുവരെ കെട്ടിട ഉടമകളിൽ നിന്ന് നികുതി ഡിമാന്റില്ലാത്തതിനാൽ (ഡിമാന്റ് '0' രൂപയായതിനാൽ) നികുതിയൊന്നും ഈടാക്കിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 60 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

| ക്രമ. നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|---|
| 1 | 1/495 | കെ. വി ചാക്കോ, കുഴിവേലിൽ | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 80 ച. മീറ്റർ |
| 2 | 2/567 | ശാന്തമ്മ, പൊട്ടൻചാലിൽ, മൊടക്കല്ലൂർ | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 75 ച.മീറ്റർ |
| 3 | 3/226 | രാധാകൃഷ്ണൻ, തെക്കയിൽ, മൊടക്കല്ലൂർ | നികുതി, സേവന ഉപ നികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 87ച.മീറ്റർ |

| | | | | |
|---|---|---|---|---|
| 4 | 3/227 | രാധാകൃഷ്ണൻ, തെക്കയിൽ, മൊടക്കല്ലൂർ | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 70ച. മീറ്റർ |

2. ഒരേ ഉടമസ്ഥന്റെ പേരിലുള്ള രണ്ട് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

| ക്രമ. നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|---|
| 1 | 3/226 | രാധാകൃഷ്ണൻ, തെക്കയിൽ, മൊടക്കല്ലൂർ | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 87ച.മീറ്റർ |
| | 3/227 | | | 70ച.മീറ്റർ |
| 2 | 2/423 | ഉണ്ണിമാധവൻ നായർ, പുതിയേടത്തിൽ | നികുതി, സേവന ഉപനികുതി സേവന നികുതി,ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 35 ച.മീറ്റർ |
| | 2/424 | | | 4 ച.മീറ്റർ |
| 3 | 2/5 | ഗോവിന്ദൻ നമ്പൂതിരി, ചായേടത്ത് | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 3 ച.മീറ്റർ |

| | | | | |
|---|---|---|---|---|
| | 2/7 | ഇല്ലം | | 7 ച.മീറ്റർ |
| 4 | 1/577 | മാധവി, പാറക്കൽ | നികുതി, സേവന ഉപനികുതിഎന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 30ച.മീറ്റർ |
| | 1/578 | | | 20 ച.മീറ്റർ |
| 5 | 2/220 | അബ്ദുൾ കരീം, പുത്തൻവീട്ടിൽ | നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 10ച.മീറ്റർ |
| | 2/228 | | | 19 ച.മീറ്റർ |
| 6 | 2/305 | അശോകൻ, കയ്യാലിൽ മീത്തൽ | നികുതി, സേവ ന ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങൾ | 18 ച.മീറ്റർ |
| | 2/305 A | | | 52.5ച.മീറ്റർ |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22-23/25.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിട ഉടമകളിൽ നിന്ന് നികുതി ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും 2013 മുതൽ നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടമായതിനാൽ A.R.V പ്രകാരമുള്ള നികുതി എത്രയാണെന്ന് വ്യക്തമാക്കേണ്ടതുമാണ്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ച് മുകളിൽ സൂചിപ്പിച്ച വിധത്തിൽ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

<u>വേക്കൻസി റെമിഷന് അപേക്ഷ ലഭിച്ച തി യ്യതിക്കു മുമ്പെ നികുതി ഇളവ് അനുവദിച്ചു</u>

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഫയലുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ്, വേക്കൻസി റെമിഷൻ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയറിലെ വേക്കൻസി റെമിഷൻ വിവരങ്ങൾ, അപേക്ഷ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത ചുവടെ കൊടുക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ ആണ്. 2022 - 23 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയ്യതിക്കു മുമ്പെ നികുതി ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | അബ്ദുൾറസാഖ്, അബ്ദുൾബഷീർ, കണിയാർവയലിൽ | 8/433 J, L,N,O E | 29/03/2023 | 01/04/2022 മുതൽ 30/09/2022 |

| | | | | |
|---|---|---|---|---|
| | | | | |
| 2 | അശോകൻ എം. സി, മീത്തൽ ചാത്തോത്ത്കണ്ടി | 9/361 E | 27/03/2023 | 01/04/2022 മുതൽ 30/09/2022 |
| 3 | അബ്ദുൾ നാസർ, പുതിയോട്ട് പറമ്പത്ത് | 8/102 , 103,104 | 26/03/2023 | 01/04/2022 മുതൽ 30/09/2022 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (12/22-23/ 25.09.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ നികുതി ഇളവ് നിയമപ്രകാരം മാത്രം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തീകരിച്ച് ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ച് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.
ഓഡിറ്റ് നിർദ്ദേശം പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 206/23 | ഡി. പി. സി കെട്ടിട നിർമ്മാണം - തുക കൈമാറൽ | 2,00,000 - വികസന ഫണ്ട് - പൊതു വിഭാഗം | ജില്ലാ കളക്ടർ, കോഴിക്കോട്<br>2,00,000 -<br>ബിൽ നമ്പർ - 568/22-23, തീയതി 21.11.2022 |

| | | | | |
|---|---|---|---|---|
| 2 | 56/23 | ഐ. കെ. എമ്മിന് വിഹിതം നൽകൽ | 54,698- വികസന ഫണ്ട് – പൊതു വിഭാഗം | ഐ.കെ.എം, തിരുവനന്തപുരം<br>54,698 -<br>ബിൽ നമ്പർ - 720/22-23, തീയതി 4.8.2022 |
| 3 | 226/23 | എ. ബി. സി പ്രോഗ്രാം | 2,00,000 – തനത് ഫണ്ട് | ജില്ലാ പഞ്ചായത്ത്, കോഴിക്കോട്<br>2,00,000 - ബിൽ നമ്പർ - 415/22-23, തീയതി 29.3.2023 |
| 4 | 228/23 | എം. സി. എഫ് ഇലക്ട്രിഫിക്കേഷൻ | 2,16,145 – ധനകാര്യ കമ്മീഷൻ അവാർഡ് | കെ.എസ്.ഇ.ബി, അത്തോളി<br>2,16,145 – ബിൽ നമ്പർ - 333/22-23, തീയതി 20.3.2023 |
| 5 | 118/23 | സ്നേഹസ്പർശം പദ്ധതിക്ക് വിഹിതം നൽകൽ | 4,00,000 വികസന ഫണ്ട് – പൊതു വിഭാഗം | ജില്ലാ പഞ്ചായത്ത്, കോഴിക്കോട്<br>1,00,000 - ബിൽ നമ്പർ - 392/ 22-23, തീയതി 31.1.2023<br>1,00,000 - ബിൽ നമ്പർ - 573/22-23, തീയതി 21.11.2022<br>2,00,000 - ബിൽ നമ്പർ - 747/ 22-23, തീയതി 4.8.2022 |
| 6 | 11/23 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 11,04,008 – ധനകാര്യ കമ്മീഷൻ അവാർഡ് | 1,04,008 – ബിൽ നമ്പർ - 221/22-23, തീയതി 31.3.2023<br>10,00,000 - ബിൽ നമ്പർ - 74/22-23, തീയതി 10.10.2022 |
| | | ആകെ | 21,74,851 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, പൂർത്തീകരണ/ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23 തീയതി 21.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം

ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽ പ്രകാരമുള്ള 21,74,851/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-11 മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2022-23 വർഷം അനുവദിച്ച താഴെപ്പറയുന്ന മുൻകൂർ തുക ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | വർഷം | വൗച്ചർ നമ്പർ, തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2022-23 | വൗച്ചർ നമ്പർ – 22200334 – 27.7.2022 ചെക്ക് നമ്പർ – 023961 – 25.7.2022, കേരള ഗ്രാമീണ ബാങ്ക്, അത്തോളി | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്.സി, അത്തോളി | 1,70,000 | ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് |
| ആകെ | | | | 1,70,000 | |

മേൽ മുൻകൂർ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന്

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2022-23 തീയതി 23.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ആയതുവരെ ഈയിനത്തിലുള്ള 1,70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല

സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 67 അഗതി കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2020-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീമിഷന്റെയും ഉത്തരവാദിത്വമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.03.2019- ലെ കെ.എസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ, ഭൂമി, വസ്ത്രം, ഭവന പുനരുദ്ധാരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 77,58,600/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ട് ഇനത്തിൽ നാളിതുവരെ 9,18,229/- രൂപ അനുവദിക്കുകയും ആയത് സി.ഡി.എസ്.ന്റെയും അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു. (കേരള ബാങ്ക് അത്തോളി ശാഖയിലെ 161712801000663 -ാം നമ്പർ അക്കൗണ്ടിൽ) പ്രസ്തുത തുക അഗതി കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം അഗതി - ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.( സി.ഡി.എസിൽ നിന്ന് ലഭ്യമായ വിവരങ്ങൾ)

| ഇനം | ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | നാളിതുവരെ ലഭ്യമായ ആനുകൂല്യങ്ങൾ |
|---|---|---|
| ഭക്ഷണം | 67 | 2022 സെപ്തംബർ വരെ ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തി |
| മരുന്ന് | 27 | 0 |
| വസ്ത്രം | 67 | 0 |
| ഭവനം | 09 | 2 |
| ഭൂമി | 3 | 2 |

| | | |
|---|---|---|
| വെള്ളം | 14 | 3 |
| വിദ്യാഭ്യാസം | 02 | 0 |
| കക്കൂസ് | 05 | 1 |
| ഭവന പുനരുദ്ധാരണം | 15 | 2 |
| വൈദ്യുതി | 01 | 0 |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് മുൻഗണ നൽകേണ്ടതാണെങ്കിലും മേൽ ടേബിളിൽ പ്രതിപാദിച്ച കാര്യങ്ങളിൽ നിന്ന് പ്രസ്തുത പദ്ധതിക്ക് മുൻഗണന നൽകിയിട്ടില്ലെന്ന് വ്യക്തമാവുന്നു.

2. സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ 2.6.2 ,3.2.1.1 എന്നിവ പ്രകാരം അഗതി ആശ്രയ പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ ചലഞ്ച് ഫണ്ട്, വികസന ഫണ്ട്, ജില്ല-ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, വിഹിതം (യഥാക്രമം 10%, 15%, 35%) എന്നിവ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണവും, വികസനഫണ്ട് ഉപയോഗിച്ച് ഭവന പുനരുദ്ധാരണവും മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. 2022 സെപ്തംബർ വരെയാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. ഭക്ഷ്യവിതരണത്തിന് നിലവിൽ പണമില്ലാത്ത അവസ്ഥയാണ്. എന്നാൽ അഗതി ആശ്രയ പദ്ധതിയ്ക്ക് തൻവർഷം തനത്ഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, വിഹിതം (യഥാക്രമം 10%, 15%, 35%) തൻ വർഷം ലഭ്യമായില്ല.

3) മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകിയില്ല

സി.ഡി.എസ് ഓഡിറ്റിന് ഹാജരാക്കിയ ലിസ്റ്റ് പ്രകാരം 9 പേർക്കായി 36,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കളിൽ 7 ഗുണഭോക്താക്കൾക്ക് നിലവിലും വീട് ലഭ്യമാക്കിയിട്ടില്ല. തൻവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ ഗുണഭോക്താക്കൾക്കായി 1,00,000/-രൂപ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കായി വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

അഗതികളുടെ സമഗ്രവികസനത്തിനും, അതിജീവനാവശ്യങ്ങൾക്കുമായി ലഭ്യമായ കുടുംബശ്രീ ചലഞ്ച് ഫണ്ട് ലഭിക്കുവാനുള്ള മുഴുവൻ തുകയും കുടുംബശ്രീ മിഷനിൽ നിന്ന് ലഭ്യമാക്കി യഥാവിധി ഉപയോഗിക്കുന്നതിനും, ജില്ലാ-ബ്ലോക്ക് – ഗ്രാമപഞ്ചായത്ത്-വികസനഫണ്ട് എന്നിവ വകയിരുത്തി പദ്ധതി നടപ്പിലാക്കാത്തതിനും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 8/2022 – 23/23.09.2023) ക്ക് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഭവനം ആവശ്യമുള്ള 9 പേർ ഉണ്ടെന്നും സി.ഡി.എസ് മുഖേന ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് അറിയിച്ചിട്ടുണ്ടെന്നും, കുടുംബശ്രീ മിഷന്റെ ഫണ്ട് തീർന്നതിനാലാണ് ഭക്ഷണ വിതരണം തുടർന്ന് നടത്താൻ സാധിക്കാത്തതെന്നും, കുടുംബശ്രീ ജില്ലാ മിഷനിലേക്ക് പലതവണ അറിയിക്കുകയും, കത്ത് നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ സ്റ്റേറ്റ് മിഷനിൽ നിന്ന് നിർദേശം ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കാമെന്നാണ് വാക്കാൽ അറിയിച്ചിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കുടിവെള്ള പദ്ധതി ജലജീവൻ പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് എല്ലാ വീടുകളിലും കുടിവെള്ളം ലഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

1 -13 പ്രവർത്തനം ആരംഭിക്കാത്ത സ്ഥാപനത്തിന് ഫർണ്ണിച്ചർ വാങ്ങി നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തയ്യിൽ മീത്തൽ വിജ്ഞാനവാടിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ടിന്റെ നമ്പർ | S0250/23 |
| വകയിരുത്തിയതുക | 50000 (30000 വികസന ഫണ്ട് ജനറൽ +20000 തനത് ഫണ്ട്) |
| ചെലവുതുക | 30000/- |
| ബിൽ നമ്പർ/തീയതി/ തുക | 06/22 -23/ 17/03/2023 - 30000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ തയ്യിൽ മീത്തൽ വിജ്ഞാനവാടിയിലേക്ക് ക്വട്ടേഷൻ മുഖേന സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ എന്നിവ ഓരോന്ന് വീതവും, കൈയുള്ള ഫൈബർ ചെയർ 25 എണ്ണവും വാങ്ങുന്നതിനായാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. മേൽ ബില്ല് പ്രകാരം ക്വട്ടേഷൻ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത അലങ്കാർ ഇൻഡസ്ട്രീയിൽ നിന്ന് ഫർണിച്ചർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് തയ്യിൽ മീത്തൽ വിജ്ഞാനവാടിയിലേക്ക് നൽകിയിട്ടുണ്ട്.

എന്നാൽ 21.09.2023 ന് രാവിലെ 11.30 മണിക്ക് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും, സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ, കൈയുള്ള 25 ഫൈബർ ചെയർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. ഫർണ്ണിച്ചർ വാങ്ങി മാസങ്ങൾക്ക് ശേഷവും സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്ഥാപനം പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (13/2022-23/25.09.2023) ക്ക് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ സ്ഥാപനം പൂർത്തീകരിച്ച് പെയിന്റ് അടിച്ചിട്ടുണ്ടെന്നും അടുത്ത തീയതിയിൽ തന്നെ ഉദ്ഘാടനം നടത്തി ടി കെട്ടിടം സാമൂഹ്യപഠനമുറിയായി പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനം പ്രവർത്തനം ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതുവരെ ഫർണ്ണിച്ചറിനായി ചെലവഴിച്ച ചെലവ് തുക 30,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. സ്ഥാപനം പ്രവർത്തനക്ഷമമാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലിന് വാടക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നിശ്ചയിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിശപ്പ് രഹിതകേരളം |
| പ്രോജക്ടിന്റെ നമ്പർ | S0246/23 |
| വകയിരുത്തിയതുക | 50000<br>(25000/- ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ +<br>25000/- തനത് ഫണ്ട് |
| ചെലവുതുക | 28123 (25000/- ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ + 3123/- തനത് ഫണ്ട് |
| ബിൽ നമ്പർ/തീയതി/ തുക | 05/22 -23/ 04/01/2023 - 25000/-<br>183/222-23 04/01/2023 - 3123<br>28123/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ കൊടശ്ശേരി എന്ന സ്ഥലത്ത് 6 /264 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന് വൈദ്യുതി ബില്ല്, വാടക എന്നിവ അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ഹോട്ടലിന്റെ 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ വാടകയിനത്തിൽ 27,000/- രൂപയും (9000x3 =27000) (UKS കൊടശ്ശേരി എന്ന സ്ഥാപനത്തിന്) കറന്റ് ചാർജ്ജിനത്തിൽ 1123/-രൂപയും ഉൾപ്പെടെ 28123/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലിന്റെ വാടക സ.ഉ (സാധാ) നം. 2756/2022/ LSGD /09.11.2022 ഉത്തരവ് ഖണ്ഡിക 2 പ്രകാരം കുടുബശ്രീ ജനകീയ ഹോട്ടലിന്റെ കെട്ടിടവാടക തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരം വാടക നിർണ്ണിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിച്ച് നൽകിയതിന്റെ വിവരം ലഭ്യമല്ല. വാടക നിശ്ചയിച്ച് നൽകാതെ വാടകയിനത്തിൽ തുക ചെലവഴിച്ചതിനും, നാളിതുവരെ ജനകീയ ഹോട്ടലിന് വാടക നിശ്ചയിക്കാത്തതിനും കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (09/2022 -23/ 22.09.2023) ക്ക് അസിസ്റ്റന്റ് സെക്രട്ടറി 25/09/23 ൽ ലഭ്യമാക്കിയ മറുപടിയോടൊപ്പം തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സർക്കാർ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ വാടക കാൽക്കുലേഷൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വാടക കാൽക്കുലേഷൻ ഷീറ്റ് പ്രകാരം ഒരു മാസത്തെ വാടക 6151/- രൂപയാണ്. മേൽ ബില്ല് പ്രകാരം അധികമായി നൽകിയ വാടക തുടർന്നുള്ള വാടകയിൽ ക്രമീകരിച്ച് നൽകേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1 -15 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 മുതൽ 2021-22 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതായും, 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ച ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച സാമ്പത്തിക വർഷം | അർഹമായ ധന സഹായം | അവസാനം തുക കൈപ്പറ്റിയ തീയതി | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ഗീത W/o വേലായുധൻ, ചോയികുന്നത് | 2020-21 | 400000 | 40000/19.4.21 | 40000 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2 | ഹർഷ മനോജൻ | 2020-21 | 400000 | 40000/19.4.21 | 40000 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | നാരായണി കെ. എം | 2021 -22 | 400000 | 40000/29.08.22 | 40000 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4 | ജിതേഷ് H/o ദ്രശ്യ വടക്കേടത്ത് കോളനി | 2020-21 | 400000 | 40000/17.10.21 | 40000 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | രാജൻ S/o കുജൻ കിഴക്കയിൽ മീത്തൽ | 2020-21 | 400000 | 157000/ 18/1/21 | 197000 | തറ നിർമ്മാണം |
| 6 | ഷീന W/o മനോജ്, കോമത്ത് മീത്തൽ | 2020-21 | 400000 | 100000/ 18/1/21 | 3.5 Lakh | ലിന്റൽ |

| | | | | | | |
|---|---|---|---|---|---|---|
| 7 | വൽസല തേമ്പ്രമലയിൽ | 2020-21 | 400000 | 40000/2.2.21 | 40000 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018, ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ക്രമനമ്പർ 7 പ്രകാരമുള്ള ഗുണഭോക്താവ് അഡ്വാൻസ് കൈപ്പറ്റിയതിന് ശേഷം മകന് സർക്കാർ ജോലി ലഭിച്ചതിനാൽ തുടർന്നുള്ള ഗഡു കൈപ്പറ്റി വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നുള്ള വിവരം ഭരണസമിതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും, തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (7 22-23 23.09.23) ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം 2,3,4, 6 ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുന്നതാണെന്നും, പദ്ധതി പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി 11/08/2023 ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർക്കുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം. 1 ലെ ഗുണഭോക്താവ് അസുഖമായതിനാലും, ക്രമനം. 5 ലെ ഗുണഭോക്താവിന് Hilly Area ആയതിനാൽ വീട് നിർമ്മിക്കുന്നതിൽ താൽപര്യം ഇല്ലെന്നും, ക്രമ നം. ക്രമനമ്പർ 7 പ്രകാരമുള്ള ഗുണഭോക്താവ് അഡ്വാൻസ് കൈപ്പറ്റിയതിന് ശേഷം മകന് സർക്കാർ ജോലി ലഭിച്ചതിനാൽ നിലവിൽ അർഹതയില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചും, വീട് നിർമ്മിക്കുന്നതിന് താൽപര്യമില്ലാത്ത/അർഹതയില്ലാത്ത ഗുണഭോക്താക്കളുടെ അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കി അഡ്വാൻസ് തുക ചെലവ് വന്ന ഹെഡിൽ തിരികെ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 സ്വച്ഛ്ഭാരത് പദ്ധതി - ഗുണഭോക്താക്കൾക്ക് പദ്ധതിപണം ലഭ്യമായിട്ടും ചെലവ് പത്രികയിൽ ചെലവ് വിവരം ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്വച്ഛ്ഭാരത് പദ്ധതി – വ്യക്തിഗത ശൗചാലയ പദ്ധതി ജനറൽ |
| പ്രോജക്ടിന്റെ നമ്പർ | S 083/23 |
| വകയിരുത്തിയതുക | 261800 (57800 – പൊതുവിഭാഗം ജനറൽ +204000 കേന്ദ്രാവിഷ്കൃതം) |

| | |
|---|---|
| ചെലവുതുക<br>ചെലവ് പത്രിക പ്രകാരം | 0 |
| എ.സി.ആർ പ്രകാരം | 72,000/- |
| യഥാർത്ഥത്തിൽ | 48,000/- |
| ബിൽ നം/തീയതി/തുക | 12/22-23/04/03/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

സ്വച്ഛ്ഭാരത് പദ്ധതി -വ്യക്തിഗത ശൗചാലയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 4 ഗുണഭോക്താക്കൾക്ക് 12,000/- രൂപ വീതം പി.എഫ്എം.എസ് മുഖേന 48,000/- രൂപയുടെ ബില്ല് സാംഖ്യയിൽ സമർപ്പിച്ചു. അതിന് ശേഷം 2 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വന്നതിനാൽ 48,000/- രൂപയുടെ ബില്ല് സാംഖ്യയിൽ ക്യാൻസൽ ചെയ്ത് 72,000/- രൂപയുടെ ബില്ല് സമർപ്പിക്കുകയും എന്നാൽ PFMS മുഖേന പേമെന്റ് അപ്രൂവ് ചെയ്തപ്പോൾ 4 ഗുണഭോക്താക്കളുടെ മാത്രം അപ്രൂവ് ആവുകയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് പണം ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ശ്രീമതി. പ്രേമ എന്ന ഗുണഭോക്താവിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്ന് 31.03.23 ന് അക്കൗണ്ടിൽ 12,000/- രൂപ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പണം ചെലവ് വന്നിട്ടും ചെലവ് പത്രികയിൽ ചെലവ് വിവരം ഉൾപ്പെട്ടിട്ടില്ല .

മേൽ അപാകതയ്ക്ക് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (5/22-23 *23.09.2023)* ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ന*ൽകിയ* മറുപടിയിൽ 4 ഗുണഭോക്താക്കൾക്ക് പദ്ധതി പണം ലഭിച്ചിട്ടുണ്ടെന്നും, സാംഖ്യയിൽ 72,000/- രൂപയുടെ ബില്ല് അപ്രൂവ് ചെയ്തതിനാലും, സാങ്കേതിക പ്രശ്നങ്ങളാൽ 48,000/- രൂപയുടെ ബില്ല് ജനറേറ്റ് ചെയ്യുന്നതിന് സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകത ഐ. കെ. എം നെ അറിയിക്കേണ്ടതും അപാകത പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-17 സ്വയം തൊഴിൽ യൂണിറ്റിന് ധനസഹായം - യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്വയംതൊഴിൽ - വനിത വ്യക്തിഗതം |
| പ്രോജക്ടിന്റെ നമ്പർ | So 192/23 |
| വകയിരുത്തിയതുക | 120000 (90000 പ്ലാൻ ഫണ്ട് +30000 മറ്റുള്ളവ) |
| ചെലവുതുക | 90000/-പ്ലാൻ ഫണ്ട് |
| ബിൽ നം/തീയതി/തുക | 12/22-23/04/03/23 |

| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
|---|---|

വ്യക്തിഗത സംരംഭങ്ങൾക്ക് 75% സബ്സിഡി അല്ലെങ്കിൽ പരമാവധി 90000/- രൂപ വായ്പാബന്ധിതമായി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ശ്രീമതി. ബമിഷ കെ എന്നിവർക്ക് ബേക്കറി നിർമ്മാണ യൂണിറ്റ് നടത്തുന്നതിനായി പ്രോജക്ടിന്റെയും, ബാങ്ക് വായ്പയുടെയും അടിസ്ഥാനത്തിൽ മേൽ ബില്ല് പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ 21.09.2023 ന് രാവിലെ 11.30 മണിക്ക് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും, കടയുടെ റിപ്പയർ പ്രവൃത്തികൾ നടക്കുന്നതായും കണ്ടു. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (6/22-23 *23.09.2023) ക്ക് നിർവ്വഹണ* ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് 40 ഓളം സ്ഥാപനങ്ങളിൽ വിവിധയിനം ബേക്കറി സാധനങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന വ്യക്തിയാണെന്നും നിലവിൽ കുമുള്ളി എന്ന സ്ഥലത്ത് സ്ഥാപനം താൽക്കാലികമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ യൂണിറ്റിൽ ചില അറ്റകുറ്റപണികളും പുനക്രമീകരണവും ഉള്ളതിനാലാണ് കുറച്ച് ദിവസങ്ങളായി ഇവിടെ പലഹാര നിർമ്മാണം ഇല്ലാതിരുന്നതെന്നും, പണി പൂർത്തീകരിച്ച് 25/09/2023 ന് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭം പ്രവർത്തനം ആരംഭിച്ച് തുടർനടപടികൾ അറിയിക്കുന്നതുവരെ 90,000/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

സബ്സിഡിയുടെ കൃത്യമായ വിനിയോഗം, സ്ഥാപനത്തിന്റെ പ്രവർത്തനം, എഗ്രിമെന്റ് വ്യവസ്ഥകളുടെ പാലനം എന്നിവ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും ഉറപ്പാക്കേണ്ടതാണ്.

1-18 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തനത്ഫണ്ട് ഉപയോഗിച്ച് 43/23-ാം നമ്പർ പ്രോജക്ട് പ്രകാരം കുമുള്ളി വായനശാലയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ പുതിയ നിർമ്മിതിക്കുള്ള പെയിന്റിംഗ് ഇനം ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതിനാൽ 7771/- രൂപയുടെ അധിക ചെലവും വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച നിരാകരണം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-19 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 123/23 പ്രകാരം ഓലയാട്ട് താഴെ നെടുവപ്പാറ റോഡ് കോൺക്രീറ്റ് നടത്തിയപ്പോൾ ഫോം വർക്ക് ആവശ്യമില്ലാതിരുന്ന പ്രവൃത്തിയ്ക്ക് 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തിയതിനാൽ കരാറുകാരന് 21391/-രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-2 ആയി പരാമർശിച്ചത് കാണുക.

1-20 അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി ചെലവ് 30% മാത്രം

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് 115 പ്രോജക്ടുകളാണ്. ഇതിൽ 33 എണ്ണം സ്പിൽഓവർ പദ്ധതികളും 82 എണ്ണം തൻവർഷം രൂപീകരിച്ചവയുമാണ്. പദ്ധതികളുടെ ചെലവു വിശദാംശം പരിശോധിച്ചാൽ ആകെ വകയിരുത്തിയ 4,80,66,043/- രൂപയിൽ 1,46,91,788/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 30.56% മാത്രം. തയ്യാറാക്കിയ പദ്ധതികളിൽ 67 എണ്ണത്തിൽ യതൊരു ചെലവുമുണ്ടായിട്ടില്ല. ഇതിൽ 7 സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു. തൻവർഷം തയ്യാറാക്കിയ 82 പദ്ധതികളിൽ 22 പദ്ധതികളിൽ മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികളെല്ലാം തന്നെ നിലവിലെ വാർഷിക

പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരിക്കുകയാണ്.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതു മൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടിവരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം തുടർ വർഷത്തിൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണവും, സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല.

## 1-21 മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - അധിക ചെലവിനു കാരണമായി

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : ചങ്ങരോത്ത് മീത്തൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ,
പ്രൊജക്ട് നമ്പർ 36/22-23

അടങ്കൽ : 2,00,000/- സംരക്ഷണഗ്രാന്റ് റോഡ്

ആകെ പ്രവൃത്തി മൂല്യം : 1,76,535/-

ചെലവ് : 1,55,158/- ബിൽ നം. 405/30.3.2022

: 44,842/- ബിൽ നം. 305/13.3.2023

മേൽ റോഡിന്റെ സൈഡിൽ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. 2,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ PAC 1,78,556.49/- രൂപയാണ്. പ്രവൃത്തിയ്ക്കായി 18.01.2022 ന് ടെണ്ടർ നടത്തിയപ്പോൾ സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. അനിൽകുമാർ ബാബു. ടി. കെ എന്ന കരാറുകാരൻ 1,63,558.21/- രൂപയാണ് ക്വാട്ട് (8.4% കുറവ് നിരക്ക്) ചെയ്തിരുന്നത്. എന്നാൽ സിംഗിൾ ടെണ്ടറായതിനാൽ ആയത് പരിഗണിക്കാതെ 9.2.2022 ന് റീടെണ്ടർ ചെയ്യുകയാണുണ്ടായത്. ഇതിലും സിംഗിൾ ടെണ്ടർ മാത്രമാണ് ലഭിച്ചത്. വിനോദ് കെ. ആർ എന്നയാൾ 1,78,557/- രൂപയാണ് ക്വാട്ട് (എസ്റ്റിമേറ്റ് നിരക്ക്) ചെയ്തത്. ഈ ടെണ്ടർ സിംഗിൾ ടെണ്ടറാണെങ്കിലും അംഗീകരിക്കാവുന്നതാണെന്ന് എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 14.2.2023 ലെ തീരുമാനം 14/1 പ്രകാരം ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b) പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ/വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ്

ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

എന്നാൽ ആദ്യ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടർ 8.4% കുറവായിരുന്നിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ആദ്യ ടെണ്ടറിൽ താരതമേന്യ കുറഞ്ഞ ഓഫർ ലഭിച്ച സാഹചര്യത്തിൽ റീടെണ്ടർ അംഗീകരിക്കുന്നതിനുമുമ്പ് നെഗോസിയേഷൻ അടക്കമുള്ള സാധ്യത പരിശോധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. ഈ പ്രവൃത്തിയുടെ ആദ്യ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ ആകെ പദ്ധതി ചെലവിൽ 14,829 രൂപയുടെ കുറവ് ലഭിക്കുമായിരുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 രാരോത്ത് താഴെ കുടിവെള്ള പദ്ധതി - സമഗ്രമായി പ്രൊജക്ട് തയ്യാറാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - രാരോത്ത് താഴെ കുടിവെള്ള പദ്ധതി,
പ്രൊജക്ട് നമ്പർ - 172/23

അടങ്കൽ - 8,50,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്)

ചെലവ് - 7,93,086/- ബിൽ നം. 282/3.3.23

രാരോത്ത് താഴെ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള കിണർ നിർമ്മാണം, പമ്പിംഗ് മെയിൻ എന്നിവ മാത്രമാണ് മേൽ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ 2022-23 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കൽ, വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ. എന്നാൽ 2023-24 വർഷം മേൽ പ്രവൃത്തികൾക്കായി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. പ്രോജക്ട് സമഗ്രമായ രീതിയിൽ ആവിഷ്കരിക്കാതെ കിണർ നിർമ്മാണം, പമ്പിംഗ് മെയിൻ എന്നിവയ്ക്ക് മാത്രമായി പ്രൊജക്ട് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും തുടർവർഷം പ്രവൃത്തി പൂർത്തീകരണത്തിനായി പദ്ധതി തയ്യാറാക്കാത്തതിന് മറുപടി സമർപ്പിക്കേണ്ടതുമാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല.

## 1-23 പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - പകൽവീട് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ,
പ്രൊജക്ട് നമ്പർ- 37/23

അടങ്കൽ - 3,00,000/- തനത് ഫണ്ട്

ചെലവ് - 2,31,729/- ബിൽ നം. 274/25.2.23

പകൽ വീട് കെട്ടിടത്തിന് നവീകരണപ്രവൃത്തികളായ മുകൾനില/ഗ്രൗണ്ട് യാഡ് ഷീറ്റ് റൂഫിംഗ്, പെയിന്റിംഗ്, ഉപയോഗശൂന്യമായ ജനൽ മാറ്റി സ്ഥാപിക്കൽ, ഇന്റർലോക്ക് വിരിക്കൽ എന്നിവയാണ് മേൽ പ്രൊജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. 2010 ൽ ഉദ്ഘാടനം കഴിഞ്ഞ പകൽ വീട്ടിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാണെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 84/22/ത.സ്വ.ഭ.വ. തിയ്യതി 14.1.2022, ഖണ്ഡിക 6.5.6 പ്രകാരം പകൽ വീട് ആരംഭിക്കുന്നതിന് വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയതിന് ശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ, ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. കൂടാതെ പകൽവീടുകൾ തുടർച്ചയായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പാക്കേണ്ടതാണ്. ഉദ്ഘാടനം കഴിഞ്ഞ് 13 വർഷമായിട്ടും പകൽവീട് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം, നിലവിൽ ഉപയോഗപ്പെടുത്താത്ത കെട്ടിടത്തിൽ നവീകരണ പ്രവർത്തനം നടത്താനുണ്ടായ സാഹചര്യം എന്നിവ വ്യക്തമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല.

## 1-24 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ അത്തോളി ബ്രാഞ്ചിലുള്ള 37128157692 നമ്പർ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. 10.3.2022 മുതൽ 19.6.2023 വരെ ഇ-ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക 2,44,654 രൂപ പഞ്ചായത്തിൽ അടവാക്കാതെ പ്രസ്തുത അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടർ ആരംഭിച്ച 2015-16 വർഷം മുതൽ ഈയിനത്തിലെ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത്. 2015-16 മുതൽ 10.03.2022 വരെയുള്ള കാലയളവിലെ ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയതും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 വെള്ളിലാട്മല വിഭവ വിജ്ഞാനകേന്ദ്രം - പഴയ കെട്ടിടം പൊളിച്ച കല്ല് ലേലം ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ - 66/23, വെള്ളിലാട്മല വിഭവ വിജ്ഞാനകേന്ദ്രം

അടങ്കൽ - 6,00,000, വികസനഫണ്ട് (എസ്. സി. പി)

ചെലവ് തുക - 5,55,464/-, ബിൽ നം. 394/28.3.23

മേൽ പദ്ധതിയിൽ Demolishing RCC Work, Demolishing Brick Work എന്നിവ ഉൾപ്പെട്ടിരുന്നു. പ്രവൃത്തിയുടെ ഇനം 1 ആയി 4.257m3 RCC Work, ഇനം 2 ആയി 10.376m3 Brick Work എന്നിവ പൊളിച്ച് മാറ്റിയിട്ടുണ്ട്. പൊളിച്ച് മാറ്റിയ ഇനങ്ങളുടെ സ്റ്റോക്ക് കൃത്യമായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടം 21.9.2023 ന് ഓവർസീയറുടെ സാന്നിധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റിയ ചെങ്കല്ല് സൈറ്റിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. എന്നാൽ RCC Work പൊളിച്ച കമ്പി സൈറ്റിൽ കാണാൻ കഴിഞ്ഞില്ല. ആയത് ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല. മേൽ പ്രവൃത്തി പ്രകാരം പൊളിച്ച് മാറ്റിയ സാമഗ്രികൾ ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മേൽ കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. നിലവിൽ സ്ട്രക്ച്ചർ വർക്ക് മാത്രം പൂർത്തിയായ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 2023-24 വർഷം പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല. പൊളിച്ചുമാറ്റിയ കമ്പിയുടെയും ചെങ്കല്ലിന്റെയും മൂല്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-26 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 75,288 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | 13/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,50,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,50,000/- (ബിൽ നം. 354/22-23 തീയതി 29.10.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം അത്തോളി ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 1,50,000/- രൂപ മുകളിൽ ചേർത്തവിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി ( ഓഡിറ്റ് തീയതി വരെ - 21.9.2023 വരെ) 74,712 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ (75,288 രൂപയുടെ) ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 21.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 75,288/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - കുമുള്ളി വായനശാല അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

പ്രൊജക്ട് നമ്പർ – 43/23

അടങ്കൽ - 2,00,000/- തനതുഫണ്ട്

ചെലവ് -1,99,973/- ബിൽ നം. 313/15.3.23

പഞ്ചായത്തിന്റെ അധീനതയിലുള്ള കുമുള്ളി വായനശാലയുടെ ഫാൾസ് സീലിംഗ്, പെയിന്റിംഗ്, സ്റ്റെയർകേസ് റൂം പ്ലാസ്റ്ററിംഗ് എന്നീ പ്രവൃത്തികളാണ് ഇതിലുൾപ്പെട്ടത്. ചുമരുകളുടെ പെയിന്റിംഗിനായി എക്സ്ട്രാ ഐറ്റം 4 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ 13.60.1 എന്ന ഇനമാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. വായനശാല കെട്ടിടത്തിൽ മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. DAR ലെ അദ്ധ്യായം 14 ൽ മേൽ പെയിന്റിംഗ് ഉപയോഗിച്ച് ചെയ്യുന്ന റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം 14.53.1 ആണ്. താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് 7,770.55/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| 13.60.1 പ്രകാരം നൽകിയത് | 14.53.1 പ്രകാരം നൽകാവുന്നത് |
|---|---|
| അളവു പുസ്തകം 88/19-20 പേജ്<br>37 പ്രകാരം(കോസ്റ്റ് ഇൻഡക്സ് 36.44%)<br>149.230m2 X 152.341 = 22,733.84- | 149.230m2 X 100.27 = 14,963.29/- |
| അധികം നൽകിയത് = 7,770.55/- | |

പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല. അധികമായി കരാറുകാരന് നൽകിയ 7771/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - ഓലയാട്ട് താഴെ നെട്ടുവപ്പാറ റോഡ്, പ്രൊജക്ട് നം. 123/23

അടങ്കൽ - 7,50,000/- സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 7,49,259/- ബിൽ നം. 282/3.3.23

മേൽ പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റ് നടത്തിയപ്പോൾ ഫോം വർക്ക് ആവശ്യമില്ലാതിരുന്ന/ഫോം വർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാരന് അനുവദിക്കുകയും ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഉൾപ്പെട്ടുത്തിയ ഇനം | ചെയ്ത അളവ്/ നൽകിയ തുക | ഫോം വർക്ക് തുക ഒഴിവാക്കി നൽകാവുന്ന തുക | 4% അധിക തുക |
|---|---|---|---|
| 75.8.1 റോഡ് കോൺക്രീറ്റ് | 66.444x8358 = 5,55,338.95 രൂപ | 66.44x8036.54 =5,33,947.72 (8358x100/104 =8036.54) | 21,391.23 |

മേൽ റോഡ് പ്രവൃത്തി ഓഡിറ്റിന്റെ ഭാഗമായി ഓവർസീയറുടെ സാന്നിധ്യത്തിൽ

സന്ദർശിക്കുകയുണ്ടായി. റോഡിന്റെ ഇരുവശവും മതിലായതിനാലും ലഭ്യമായ മുഴുവൻ വീതിയിലും പ്രവൃത്തി ചെയ്തതിനാലും കോൺക്രീറ്റിനായി ഫോം വർക്ക് ചെയ്യേണ്ടി വന്നിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിലും ഫോം വർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

മുകളിൽ വിവരിച്ച പ്രകാരം ആവശ്യകതയില്ലാത്തിടത്തും ഫോം വർക്കിനുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നുണ്ട് അഥവാ കരാറുകാർക്ക് അമിത ലാഭം കിട്ടുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/2022-23 തീയതി 25.9.2023) മറുപടി ലഭിച്ചിട്ടില്ല. അധികമായി കരാറുകാരന് നൽകിയ 21391/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16-09-2023 മുതൽ 24-09-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | പാലിയേറ്റീവ് കെയർ പദ്ധതി | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 350000 | ലൈഫ് എസ്.സി അഡീഷൻ | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ക്രാഡിൽ പദ്ധതി പ്രകാരം അങ്കണവാടി നവീകരണം കറുവാളൂർ തറോൽ | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 321195 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 321195 |

| | | | | |
|---|---|---|---|---|
| | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 547190 | കാലിത്തീറ്റ സബ്സിഡി | 547190 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 198060 | ക്ഷീര കർഷകർ ക്ക് പാലിന് ഇൻസെന്റീവ് | 198060 |
| ആകെ | | | | 1716445 |
| ജില്ല പഞ്ചായത്ത് | | 640000 | ലൈഫ് 2020 എസ്.സി 2022-23 | 640000 |
| ജില്ല പഞ്ചായത്ത് | | 107065 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 107065 |
| ജില്ല പഞ്ചായത്ത് | | 199800 | കാലിത്തീറ്റ സബ്സിഡി | 199800 |
| ജില്ല പഞ്ചായത്ത് | | 380000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 380000 |
| ആകെ | | | | 1326865 |
| മുൻസിപ്പൽ കോർപ്പറേഷൻ | | 194400 | കുറുവാളൂർ കുടിവെള്ള പദ്ധതി | 194400 |
| | | 389110 | കോമത്ത് മീത്തൽ കുടിവെള്ള പദ്ധതി വിപുലീകരണം | 389110 |
| ആകെ | | | | 583510 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽ കിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ളതുക |
|---|---|---|---|---|---|
| KSEB | 11/23 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ. | 104008- ബിൽ നം.221/22-23 തിയതി.31.3.23 1000000-ബിൽ നം.74/22-23 തിയതി.10.10.22 | 11,04,008 | 0 | 11,04,008 |
| KSEB | 228/23 എം. സി. എഫ് ഇലക്ട്രിഫിക്കേഷൻ | 333/22-23 തിയതി.20.03.23 | 2,16,145 | 0 | 216145 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല -

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവനപദ്ധതി | 1049/23/FIN Dt 13.02.23 | 1000000 | 0 | 0 | 0 | 1000000 |
| KURDFC ലൈഫ് ഭവനപദ്ധതി | 6872/22FIN. Dt.12.10.22 | 0 | 3083540 | 2801090 | 0 | 282450 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 66,38,589 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 8,85,899 |
| ആകെ | 75,24,488 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 75,24,488 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 6,72,368 |
| 2 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 13,67,229 |
| 3 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 38,00,495 |
| 4 | കേരള ബാങ്ക് | 7,89,000 |
| 5 | കേരള ബാങ്ക് | 2,18,500 |
| 6 | കേരള ബാങ്ക് | 36,627 |
| 7 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 6,40,269 |
| ആകെ | | 75,24,488 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | തുക | പേര് | രസീതി നം. |
|---|---|---|---|
| 2019-20 | 1000 | ഷിജു | 1220101771 |
| 2019-20 | 1997 | ALCCS | 1220101772 |
| 2007-08 | 2754 | ഇബ്രാഹിം | 1220101483 |
| 2007-08 | 9997 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101484 |
| 2006-07 | 1976 | സുഗുണൻ | 220101493 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,92,21,656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,20,60,165 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,162 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,40,139 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 7771 | ശ്രീ. അബൂബക്കർ സിദ്ദീഖ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | - | 21391 | ശ്രീ. അബൂബക്കർ സിദ്ദീഖ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,70,000 | ശ്രീമതി.ഇന്ദു.എ, സെക്രട്ടറി |
| 1-10 | 2,00,000+2,00,000+2,16,145+ 1,00,000+1,00,000+1,04,008 = 9,20,153 | ശ്രീ.കെ. ഹരിഹരൻ, സെക്രട്ടറി |
| | 54,698+2,00,000+10,00,000 = 12,54,698 | ശ്രീമതി.ഇന്ദു.എ, സെക്രട്ടറി |
| 1-13 | 30,000 | ശ്രീമതി മിനി എ.പി അസിസ്റ്റന്റ് സെക്രട്ടറി |
| 1-17 | 90,000 | ശ്രീ.ഷിജു. വി.ഇ.ഒ |
| 1-28 | 75,288 | ഡോ.നിമ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 25,40,139 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിജു, വി. ഇ. ഒ | വി.ഇ.ഒ, അത്തോളി ഗ്രാമ പഞ്ചായത്ത് | പരോളി വീട്, കരിയാത്തൻകാവ് പി. ഒ. |
| ശ്രീ. അബൂബക്കർ സിദ്ദീഖ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | കോരച്ചൻ കണ്ടിപുരയിൽ, മടവൂർ പി. ഒ. 673585 |
| ശ്രീമതി. ഇന്ദു എ, സെക്രട്ടറി | സെക്രട്ടറി, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് | പത്മാലയം, മൊകവൂർ, കോഴിക്കോട് – 673303 |
| ശ്രീ. കെ. ഹരിഹരൻ, സെക്രട്ടറി | സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത് | ചിരാത്, വൃന്ദാവൻ കോളനി ചേവായൂർ പി. ഒ. കോഴിക്കോട് |
| ശ്രീമതി മിനി എ.പി അസിസ്റ്റന്റ് | അസിസ്റ്റന്റ് സെക്രട്ടറി അത്തോളി ഗ്രാമ പഞ്ചായത്ത് | നാഗം ആശ്രമം റോഡ് അത്താണിക്കൽ |

| | | |
|---|---|---|
| സെക്രട്ടറി | | കോഴിക്കോട് |
| ഡോ. നിമ | മെഡിക്കൽ ഓഫീസർ (ഹോമിയോ) അത്തോളി ഗവ. ഹോമിയോ ഡിസ്പെൻസറി | കല്ലുവീട്ടിൽ പറമ്പ് , വേങ്ങേരി പി. ഒ. കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി13/992/2018(2) തിയ്യതി.12.12.19 | 5 | 6,7,8,9,10 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(4) തിയ്യതി-21.10.2022 | 5 | 3-2,3-7,3-12, 3-13,4-1 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(7) തിയ്യതി-21.10.2022 | 1 | 3-26 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(11) തിയ്യതി-21.10.2022 | 4 | 3-4, 3-16, 4-1-1, 4-6 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(12) തിയ്യതി-21.10.2022 | 2 | 2-1,3-10 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(13) തിയ്യതി-21.10.2022 | 4 | 2-3, 2-5, 2-6, 3-1 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(14) തിയ്യതി-21.10.2022 | 1 | 3-7 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(15) തിയ്യതി-21.10.2022 | 20 | 1-12(1 മുതൽ 7 വരെ, 1-12 (3.4 ബി,സി), 2-4, 2 -6, 3-4(1.2), 3-9, 3-10, 3-12, 3-14,3-16,4-5 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(16) തിയ്യതി-21.10.2022 | 8 | 1-12, 1-18(3,4), 1-19, 1-20, 1-22,1-26,3-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി6/363/2022 തിയ്യതി-07.04.2022 | 20 | 1-2-1(1,7), 1-4-1, 1-10, 1-12-(3), 1-12(4), 1-12(8), 1-12(9), 1-14, 1-16, 1-17 (2,3, 4),1-18 മുതൽ 1-21 വരെ,1-23, 3-1, 4-2 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി6/364/2022 തിയ്യതി-07.04.2022 | 19 | 1-2-1(1,7), 1-4-1, 1-12, 1-13, 1-15, 1-17 മുതൽ 1-21 വരെ, 1-23 മുതൽ 1-26 വരെ, 1-28, 1-29, 3-1, 3-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി6/2206/2022 തിയ്യതി-20.01.23 | | 1-1 മുതൽ 1-34 വരെ, 2-1, 3-1, 4-1 മുതൽ4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01(01)/15 /07/2023 dated 15-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Atholi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Atholi Grama Panchayat for the year 2022-2023

Date: 10/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Atholi Grama Panchayat for the Year 2022-2023.**

**1.Major Observations**

1.Payment voucher mis-classification.

2.Expenditure on the project carried out with CFC funds is not deducted from grant head statement in the financial statement.

**2.Other Observations**

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.
b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between

the opening balance and closing balance of the cash and cash equivalents.

3. Payment voucher mis-classification.

4.The following registes are not maintained/reliable for audit.

a.Sale Of Tender Forms

b.Receipt from Miscellaneous Sale

c.Stock register.

5. Lapses in making timely demand entries in respect of tax and non tax revenue.

6. Bank book balance shown is reconciliation statement differ from the real Bank book balance.

7.An account opened on 13.04.2021 in the name of Grama Panchayat Secretary for depositing pfms sanitation mission fund has not been included in the annual financial statement.

8.EMS housing loan interest amount is not included in the financial statement (balance sheet) of the panchayat as liability.

9.The amount of e-tender fee for the implementation of the project through Assistant Engineer has not been received in the Gram Panchayat's own fund account till date.

**Deputy Director**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്